**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1189** **07-12-2022 - ൽ മറുപടിയ്ക്ക്**

**വർക്കല നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല നിയോജക മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി മുൻ സർക്കാരിന്റെ കാലയളവ് മുതൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | **വർക്കല നിയോജക മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി മുൻ സർക്കാരിന്റെ കാലയളവ് മുതൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വർക്കല നിയോജക മണ്ഡലത്തിലുൾപ്പെട്ട വെട്ടൂർ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചുതെങ്ങ് പഞ്ചായത്തിലെ 10,11,12 വാർഡുകളിലെയും ജനങ്ങൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയായ കാക്കക്കുഴി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയ്ക്ക് എൻ.ആർ.ഡി. ഡബ്ല്യു.പി-യിൽ ഉൾപ്പെടുത്തി 01.02.2014-ൽ 356 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുകയുമുണ്ടായി. വെട്ടൂർ, അഞ്ചുതെങ്ങ് പഞ്ചായത്തുകളിലെ 13500-ഓളം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.**<br><br>**ജലജീവൻ മിഷനിലുൾപ്പെടുത്തി വർക്കല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ:**<br><br>1. **വർക്കല മുനിസിപ്പാലിറ്റിയ്ക്ക് സമീപമുള്ള പഞ്ചായത്തുകളായ ചെറുന്നിയൂർ, ചെമ്മരുതി, വെട്ടൂർ, ഒറ്റൂർ, മണമ്പൂർ, ഇടവ, ഇലകമൺ എന്നിവയ്ക്ക് ജലശുദ്ധീകരണശാലയുൾപ്പെടെയുള്ള സമഗ്രകുടിവെള്ള പദ്ധതിയ്ക്ക് 26092.76 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ 23 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, ജലസംഭരണികൾ, ജലവിതരണ ശൃംഖലകൾ, ഏഴ് പഞ്ചായത്തുകളിലുമായി 12609 കുടിവെള്ള** |

| | | | |
|---|---|---|---|
| | | | കണക്ഷനുകൾ നൽകൽ എന്നിവയുൾപ്പെടുന്നു. പദ്ധതി 14പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. അതിൽ ജലശുദ്ധീകരണ ശാലയുൾപ്പെടുന്ന പാക്കേജിന്റെ കരാർ നൽകിക്കഴിഞ്ഞു. മറ്റുള്ള ഘടകങ്ങളുടെ പ്രവൃത്തികളും ടെൻഡർ നടപടികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br>2. വർക്കല നിയോജക മണ്ഡലത്തിലെ പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് 18326.28 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, ജല സംഭരണികൾ, ജലവിതരണശൃംഖലകൾ, മൂന്നു പഞ്ചായത്തുകളിലുമായി 8573 കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവയുൾപ്പെടുന്നു. പദ്ധതി പല പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. അവ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br>3. ഇടവ, ഇലകമൺ, ചെമ്മരുതി, വെട്ടൂർ, നാവായിക്കുളം, മടവൂർ, പള്ളിക്കൽ എന്നീ പഞ്ചായത്തുകളിലായി 20521 കുടിവെള്ള കണക്ഷൻ നൽകുന്നതിനായി 3043 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു.ഇതിൽ 17855 കണക്ഷൻ നൽകി കഴിഞ്ഞു.<br><br>കൂടാതെ സ്റ്റേറ്റ് പ്ലാൻ, ഡെപ്പോസിറ്റ് പ്രവൃത്തികൾ, കോർപ്പസ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നു. |
| (ബി) | ആയതിനായി ചെലവഴിച്ചിട്ടുള്ള ഫണ്ടും വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതികൾക്ക് ആവശ്യമായ ഫണ്ടും എത്രയെന്ന് വിശദമാക്കുമോ? | (ബി) | വർക്കല നിയോജകമണ്ഡലത്തിൽ വിവിധജലജീവൻ മിഷൻ പദ്ധതികൾ, ഡെപ്പോസിറ്റ് വർക്ക്, സ്റ്റേറ്റ്പ്ലാൻ, കോർപ്പസ് ഫണ്ട്, DRW work എന്നിവയ്ക്കായി ആകെ 3631.924 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ 2022-23 ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പുതിയ പദ്ധതിയുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. ഇവ പൂർത്തിയാക്കുന്നതിന് 979.34 ലക്ഷം രൂപ ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## State Plan Works for the period of 2022-23

| Sl No | Name of work | AS Amount in Lakhs |
|---|---|---|
| 1 | State Plan-2022-23-CWSS to Varkala and adjoining villages.Replacement of old and damaged GI pumping main with 200 mm DI k9 pipe from Vadasserikkonam Jama-athju to Therattayil OHSR in Ottoor Panchayath | 43 |
| 2 | State Plan-2022-23 -Providing Clear water sump and microfilter at Kayalpuram Pump house in Elakamon Gramapanchayath under WS-1, Varkala | 53.46 |
| 3 | State Plan 2022-23 -CWSS to Varkala and adjoining Villages-Extension/replacement of pipeline in various places of Ward No.1 to 11 of Navaikulam Panchayath | 131.7 |
| 4 | State Plan 2022-23-CWSS to Varkala and adjoining Villages-Providing pipe line extension/ replacement of various places of Ward No.14,15,16,17 &18 of Navaikulam Panchayath | 92.00 |
| 5 | State Plan 2022-23 -Elakamon Panchayath- Replacement of existing damaged 150 mm dia CI pumping main with new 250 mm dia DI pumping main from Kayalpuram Pump House to Vilappuram tank under WS | 171.2 |
| 6 | CWSS to Varkala and adjoining Villages- Refurnishing the existing rapid sand filter media(3 nos) with dual filter media Anthracite of 19 MLD Treatment Plant and other connected works | 143.2 |
| 7 | State plan 2022-23 Replacing old and damaged 200mm and 80mm AC pipe with 160mm and 110mm PVC pipe at Punnamoodu- Kairali Junction in Varkala Municipality | 84.3 |
| 8 | State plan 2022-23 - CWSS to Varkala - Replacing old damaged AC pipe at Reghunathapuram- Vattaplamoodu road in Varkala Municipality | 77.8 |
| 9 | State plan 2022-23 - Replacing old and damaged 80mm, 200mm AC pipe with 90mm & 160mm pvc pipes at Maithanam Hospital road and Mulluvila Panamoottil Temple Chumaduthangi road in Varkala Municipality | 51.2 |
| 10 | State plan 2022-23 - CWSS to Varkala - Providing Electrical dedicated feeder line from the nearest transformer to Manamboor Pump house for avoiding the pumping interruption due ot low voltage to Navaikulam Panchayath | 7.4 |
| 11 | State plan 2022-23 -RWSS to Vettoor Supply and errection of 20 HP submersible pumpset at Vilabhagam Pump House | 4.88 |
| 12 | State plan 2022-23 -CWSS to Varkala - Supply and errection of 20HP submersible pumpset at Navaikulam for Maruthikkunnu Tank and connected works | 5 |
| 13 | State plan 2022-23 - Providing pipe line extension from Chumduthangi to thazhe Vettoor Rathickal Junction | 49.1 |
| 14 | State plan 2022-23 -Providing pipe line extension to various places of Vettoor Panchayath and connected works | 65.10 |

സെക്ഷൻ ഓഫീസർ